**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6325** | **10-11-2021 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖല നേരിടുന്ന വെല്ലുവിളികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിനോദസഞ്ചാര മേഖല നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനം സന്ദർശിക്കുന്ന വിനോദ സഞ്ചാരികളുടെ എണ്ണത്തെ സംബന്ധിക്കുന്ന സ്ഥിതി വിവരകണക്കുകൾ വിശകലനം ചെയ്യുമ്പോൾ ഇടയ്ക്കിടെ ഉണ്ടാകുന്ന പ്രളയങ്ങൾ പ്രസ്തുത മാസങ്ങളിൽ വിനോദ സഞ്ചാരികളുടെ വരവിനെ ബാധിച്ചിട്ടുണ്ട്. കൂടാതെ 2020 -ൽ സംസ്ഥാനത്തെ ബാധിച്ച കോവിഡ് മഹാമാരി 2020 ഫെബ്രുവരി മാസം മുതൽ വിനോദസഞ്ചാരികളുടെ വരവിനെയും അതുമൂലം ഈ മേഖലയിലെ വരുമാനത്തെയും സാരമായി ബാധിച്ചിട്ടുള്ളതായി വിലയിരിത്തിയിട്ടുണ്ട്. കൂടാതെ ഹോട്ടൽ മുറികളിലെ ഉയർന്ന ജി.എസ്.ടി നിരക്കും ലോകത്തിലെ പ്രധാന നഗരങ്ങളിൽ നിന്നും കേരളത്തിലേക്ക് നേരിട്ട് വിമാന സർവ്വീസ് ഇല്ലാത്ത പ്രശ്നവും കേരളത്തിലെ ടൂറിസം മേഖല നേരിടുന്നുണ്ട്. |
| (ബി) | ഇവയ്ക്ക് പരിഹാരം കണ്ടെത്തുന്നതിന് മുൻ സർക്കാർ തുടർന്നുവന്ന പദ്ധതികളും പരിപാടികളും മുന്നോട്ട് കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | ഇത്തരം പ്രയാസങ്ങൾ ഉണ്ടാകുന്ന സന്ദർഭത്തിൽ കേരളത്തിലെ ടൂറിസം വ്യവസായത്തിൽ പ്രവർത്തിക്കുന്നവരുമായി ചർച്ച ചെയ്ത് അവരുടെ സഹകരണത്തോടെ വിവിധ ക്യാമ്പയിനുകൾ ടൂറിസം വകുപ്പ് നടപ്പാക്കുന്നുണ്ട്. മുറിവാടകയ്ക്ക് നിലവിലുള്ള ഉയർന്ന ജി, എസ്.ടി. നിരക്ക് കുറയ്ക്കുന്നതിനും കൂടുതൽ വിമാനസർവ്വീസുകൾ ആരംഭിക്കുന്നതിനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി വരുന്നുണ്ട്. |
| (സി) | ടൂറിസം വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലാതായിരിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് പരിശോധിക്കുമോ; വ്യക്തമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ